പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.2491

11.10.2011ൽ
മറുപടിക്ക്

# റിവർ മാനേജ്മെന്റ് പദ്ധതി

ചോദ്യം
ശ്രീ.കെ.രാധാകൃഷ്ണൻ :

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് പദ്ധതി എന്നു മുതലാണ് ആരംഭിച്ചതെന്നും അതുമുതൽ 2011 മാർച്ച് 31 വരെ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ സ്വരൂപിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ; | (എ) 2001-ലെ കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം നിലവിൽ വന്നതുമുതലാണ് റിവർ മാനേജ്മെന്റ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. അതു മുതൽ 2011 മാർച്ച് 31 വരെ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ സ്വരൂപിച്ചിട്ടുള്ള തുകയുടെ (ജില്ല തിരിച്ചുള്ള കണക്ക്) അനുബന്ധം - I ആയി ചേർക്കുന്നു). |
| (ബി) പ്രസ്തുത കാലയളവിൽ ഭാരതപ്പുഴയുടെ കടവുകളിൽ നിന്ന് സ്വരൂപിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ പറയാമോ ; | (ബി) 31,25,77,462/- രൂപ സ്വരൂപിച്ചു. |
| (സി) പ്രസ്തുത കാലയളവിൽ ഭാരതപ്പുഴയുടെ ചേലക്കര മണ്ഡല പരിധിയിലെ പഞ്ചായത്ത് പ്രദേശങ്ങളിലെ കടവുകളിൽ നിന്ന് ശേഖരിച്ച തുക എത്രയാണ് ; | (സി) 9,73,34,539/- രൂപ |
| (ഡി) പ്രസ്തുത തുകയിൽ നിന്ന് ഇന്നുവരെ നടപ്പിലാക്കിയിട്ടുള്ള നദീതട സംരക്ഷണ പദ്ധതികൾക്ക് ചെലവായ തുകയുടെ വിശദാംശങ്ങൾ പറയാമോ ; പദ്ധതികൾക്ക് ഇതുവരെ ചെലവായ തുക എത്രയാണ് ; | (ഡി) ചേലക്കര മണ്ഡല പരിധിയിൽ വരുന്ന നദീതട സംരക്ഷണ പദ്ധതികൾക്ക് ഇതുവരെ ചെലവായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു; തൃശ്ശൂർ ജില്ലയിൽ നദീതട സംരക്ഷണ പദ്ധതികൾക്കായി 7,33,08,981/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഇ) ചേലക്കര മണ്ഡല പരിധിയിൽ വരുന്ന ഭാരതപ്പുഴയുടെ സംരക്ഷണ പദ്ധതികൾക്ക് ഇതുവരെ ചെലവായ തുക എത്രയാണ് ; | (ഇ) 3,16,35,465/- രൂപ |
| (എഫ്) ചേലക്കര മണ്ഡല പരിധിയിൽ 2011-12 വർഷം പ്രസ്തുത തുക വിനിയോഗിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ് ; | (എഫ്) അനുബന്ധം - III ആയി ചേർക്കുന്നു. |
| (ജി) റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ സംസ്ഥാനത്ത് ശേഷിക്കുന്ന തുക എത്രയാണെന്ന് പറയാമോ ? | (ജി) 165,71,71,146/- രൂപ |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.